"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

സംസ്ഥാന സർക്കാർ ജീവനക്കാർക്കും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഫുൾടൈം കണ്ടിജന്റ് ജീവനക്കാർക്കും മറ്റ് വിഭാഗങ്ങളിലുള്ള ജീവനക്കാർക്കും പെൻഷൻകാർക്കും 2025-26 സാമ്പത്തിക വർഷത്തെ ബോണസും പ്രത്യേക ഉത്സവബത്തയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**ധനകാര്യ (ലോൺസ്) വകുപ്പ്**

**സ.ഉ.(അച്ചടി)നം.92/2026/ധന** **തീയതി,തിരുവനന്തപുരം,14/08/2026**

================================================================================

**പരാമർശം** :- 26.08.2025-ലെ സ.ഉ.(അച്ചടി) നം. 107/2025/ധന.

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ ജീവനക്കാർക്കും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഫുൾടൈം കണ്ടിജന്റ് ജീവനക്കാർക്കും മറ്റ് വിഭാഗങ്ങളിലുള്ള ജീവനക്കാർക്കും പെൻഷൻകാർക്കും 2025-26 സാമ്പത്തിക വർഷത്തെ ബോണസും പ്രത്യേക ഉത്സവബത്തയും താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു :-

## <u>ബോണസ്</u>

**2.** സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നിലവിൽ പ്രാബല്യത്തിലുള്ള ശമ്പള സ്കെയിലുകളിൽ (പതിനൊന്നാം ശമ്പള പരിഷ്കരണം) 49,275/- രൂപ വരെയുള്ള തുകയോ, പത്താം ശമ്പള പരിഷ്കരണ സ്കെയിലുകളിൽ 44,462/- രൂപ വരെയുള്ള തുകയോ 31.03.2026-ൽ 'ആകെ ശമ്പളം' ഉണ്ടായിരുന്ന സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാർക്കും (മന്ത്രിമാരുടെയും, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവരുടെയും പേഴ്സണൽ സ്റ്റാഫ് ഉൾപ്പെടെ) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും, തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളിലെ ജീവനക്കാർക്കും, താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി, 4,500/- രൂപ 2025-26 വർഷത്തെ ബോണസ് അനുവദിച്ച് ഉത്തരവാകുന്നു :-

(i) മുകളിൽ നിശ്ചയിച്ചിരിക്കുന്ന ശമ്പള പരിധിയിൽ വരുന്ന യോഗ്യരായ ജീവനക്കാർക്ക് ഒരു മാസത്തെ വേതനം അല്ലെങ്കിൽ ആകെ 4,500/- രൂപ ഇതിൽ ഏതാണോ കുറവ് ആ തുക 2025-26 വർഷത്തെ ബോണസായി അനുവദിക്കുന്നു.

(ii) 31.03.2026-നോ അതിനുമുമ്പോ പതിനൊന്നാം ശമ്പള സ്കെയിൽ ഓപ്റ്റ് ചെയ്ത ജീവനക്കാരുടെ കാര്യത്തിൽ 'ആകെ ശമ്പളം' കണക്കാക്കേണ്ടത് അടിസ്ഥാന ശമ്പളം, വ്യക്തിഗത ശമ്പളം, പ്രത്യേക ബത്ത, പ്രത്യേക ശമ്പളം, വ്യക്തിഗത ബത്ത എന്നിവയും പരിഷ്കരിച്ച ശമ്പള സ്കെയിലിലെ 35% ക്ഷാമബത്തയും ചേർത്തായിരിക്കണം. എന്നാൽ, വീട്ടുവാടക ബത്തയും മറ്റ് നഷ്ടപരിഹാര ബത്തകളും 'ആകെ ശമ്പളം' കണക്കാക്കുന്നതിന് പരിഗണിക്കേണ്ടതില്ല.

(iii) പത്താം ശമ്പള സ്കെയിലിൽ തുടരുന്ന ജീവനക്കാരുടെ കാര്യത്തിൽ 'ആകെ ശമ്പളം' കണക്കാക്കേണ്ടത് അടിസ്ഥാന ശമ്പളം, വ്യക്തിഗത ശമ്പളം, പ്രത്യേക ബത്ത, പ്രത്യേക ശമ്പളം, വ്യക്തിഗത ബത്ത എന്നിവയും പത്താം ശമ്പള സ്കെയിലിലെ അടിസ്ഥാന ശമ്പളത്തിന്റെ 72% ക്ഷാമബത്തയും ചേർത്തായിരിക്കണം. വീട്ടുവാടക ബത്തയും മറ്റ് നഷ്ടപരിഹാര ബത്തകളും 'ആകെ ശമ്പളം' കണക്കാക്കുന്നതിന് പരിഗണിക്കേണ്ടതില്ല.

(iv) പ്രത്യേക വേതനത്തിന്റെ (Special Pay) ക്ഷാമബത്തയിലുള്ള കുറവ് സംരക്ഷിക്കുന്നതിനായി അനുവദിച്ചിട്ടുള്ള വ്യക്തിഗത ബത്തയും ഇത്തരം കേസുകളിൽ ബോണസിന് കണക്കാക്കുന്ന 'ആകെ ശമ്പളത്തിൽ' ഉൾപ്പെടുത്തി പരിഗണിക്കേണ്ടതാണ്.

(v) മാർച്ച് 2026-ൽ പഠന അവധി, അർദ്ധ വേതനാവധി, ശൂന്യവേതനാവധി (KSR Appendix XII A, Appendix XII B, Appendix XII C പ്രകാരമുള്ള ശൂന്യവേതനാവധി ഒഴികെ), മുൻകൂർ അവധി എന്നിങ്ങനെയുള്ള അവധിയിലായിരുന്ന, മേൽ നിബന്ധനകൾ പ്രകാരം യോഗ്യരായ ജീവനക്കാരുടെ ബോണസിന്റെ അർഹത, അത്തരം ജീവനക്കാർ അവധിയിൽ പ്രവേശിക്കുന്നതിന് തൊട്ടുമുമ്പ് വാങ്ങിയ ശമ്പളത്തെ അടിസ്ഥാനമാക്കിയായിരിക്കണം കണക്കാക്കേണ്ടത്.

(vi) 20.02.2026-ലെ സ.ഉ.(അച്ചടി)നമ്പർ 27/2026/ധന ഉത്തരവ് പ്രകാരം അനുവദിച്ച ക്ഷാമബത്ത നിരക്കാണ് പത്ത്, പതിനൊന്ന് ശമ്പള പരിഷ്കരണം ബാധകമായ ജീവനക്കാർക്ക് ഈ ഉത്തരവ് പ്രകാരമുള്ള ബോണസിന്റെ അർഹത നിശ്ചയിക്കുന്നതിന് ആധാരമാക്കേണ്ടത്.

**3.** 31.03.2026-ൽ സർവ്വീസിലുള്ളവരും, 2025-26 സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് ആറു മാസമെങ്കിലും തുടർച്ചയായ സർവ്വീസുള്ളവരും മുൻ ഖണ്ഡിക 2-ൽ

സൂചിപ്പിച്ചിരിക്കുന്ന 'ആകെ ശമ്പള' പരിധിയിൽ വരുന്നവരുമായ ജീവനക്കാർക്കാണ് ബോണസിന് അർഹതയുള്ളത്. ഇങ്ങനെയുള്ളവരിൽ 31.03.2026–നോ അതിനുമുമ്പോ സർവ്വീസിൽ നിന്നും വിരമിച്ചവർക്കും വിടുതൽ ചെയ്തവർക്കും, 2025–26 സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് ആറു മാസം തുടർച്ചയായ സേവനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ, ബോണസിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

**4.** 2025–26 സാമ്പത്തിക വർഷത്തിന്റെ പൂർണ്ണ കാലയളവിലോ ഭാഗികമായ കാലയളവിലോ സസ്പെൻഷനിലായിരുന്ന സ്ഥിരം ജീവനക്കാർ ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിക്കോ അതിനു മുമ്പോ സർവീസിൽ പുനഃപ്രവേശിക്കുകയും സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായോ അർഹതപ്പെട്ട അവധിയായോ ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയും മുൻ ഖണ്ഡിക മൂന്ന് പ്രകാരം കുറഞ്ഞത് തുടർച്ചയായി ആറു മാസകാലയളവിലെ ശമ്പളം പൂർണമായും കൈപ്പറ്റുകയും ചെയ്താൽ യോഗ്യതയുടെ അടിസ്ഥാനത്തിൽ അവർക്ക് ബോണസിനോ പ്രത്യേക ഉത്സവബത്തയ്ക്കോ അർഹതയുണ്ടായിരിക്കുന്നതാണ്.

**5. മുൻ ഖണ്ഡിക 3 പ്രകാരം യോഗ്യരായ താഴെപ്പറയുന്ന വിഭാഗത്തിൽപ്പെട്ട ജീവനക്കാരും ബോണസിന് അർഹരാണ്:–**

i) കൃഷി ഫാമുകൾ/സീഡ് ഫാമുകൾ/റീജിയണൽ വർക്ക്ഷോപ്പുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവർ ഉൾപ്പെടെ എല്ലാ വകുപ്പുകളിലെയും എൻ.എം.ആർ, സ്ഥിരം ജോലിക്കാർ/തൊഴിലാളികൾ, സീസണൽ വർക്കർമാർ (SLR) എന്നിവർ (വേരിയബിൾ ക്ഷാമബത്ത വാങ്ങുന്ന ജീവനക്കാരുടെ കാര്യത്തിൽ ബോണസ് കണക്കാക്കുന്നതിന് വേരിയബിൾ ക്ഷാമബത്തയും പരിഗണിക്കേണ്ടതാണ്).

ii) 31.03.2026–ൽ സർവ്വീസിലുണ്ടായിരിക്കുകയും 2025–26 സാമ്പത്തിക വർഷത്തിൽ ആറുമാസത്തിൽ കുറയാത്ത തുടർച്ചയായ പ്രൊവിഷണൽ സേവനം ഉണ്ടായിരിക്കുകയും പിന്നീട് സേവന ഇടവേള വരാതെ പി.എസ്.സി. മുഖേന റഗുലർ നിയമനം ലഭിക്കുകയും ചെയ്ത ജീവനക്കാരും/സർക്കാർ സ്കൂളിലേയ്ക്ക് റഗുലർ നിയമനം ലഭിച്ച എയ്ഡഡ് സ്കൂൾ അധ്യാപകരും.

iii) ശമ്പള സ്കെയിലിന്റെ അടിസ്ഥാനത്തിൽ ശമ്പളം വാങ്ങുന്ന വിദ്യാഭ്യാസ വകുപ്പിലെ പാർട്ട്ടൈം അധ്യാപകർ.

iv) അന്യത്ര സേവന വ്യവസ്ഥയിൽ കോർപ്പറേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, ഗ്രാന്റ്–ഇൻ–എയ്ഡ് സ്ഥാപനങ്ങൾ

എന്നിവയിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാർ 2025-26 വർഷത്തിൽ മാതൃവകുപ്പിലോ അന്യത്ര സേവനത്തിലോ ആറു മാസത്തിൽ കൂടുതൽ സേവനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ യഥാവിധി ബോണസിന്/പ്രത്യേക ഉത്സവബത്തയ്ക്ക് അർഹരാണെങ്കിൽ മുൻ ഖണ്ഡിക 3 -ൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകളിൽ ഇളവ് വരുത്തി അവർ മാതൃവകുപ്പിൽ ജോലിയിൽ തുടർന്നിരുന്നുവെങ്കിൽ അനുവദനീയമായ നിരക്കിൽ, ബോണസ്/ ഉത്സവബത്ത ഫോറിൻ എംപ്ലോയർ വിതരണം ചെയ്യേണ്ടതാണ്.

v) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉൾപ്പെടെ ജോലി ചെയ്യുന്ന എല്ലാ ഫുൾടൈം/പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരും.

vi) സർക്കാർ പ്രസ്സിലെ ജീവനക്കാർക്ക് ഈ ഉത്തരവ് പ്രകാരം മറ്റു സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ ബോണസ് വാങ്ങുന്നതിനോ അല്ലെങ്കിൽ വ്യാവസായിക തൊഴിലാളികൾക്ക് സാധാരണ അനുവദിച്ചിട്ടുള്ള പെർഫോമൻസ് അലവൻസ് (എക്സ്ഗ്രേഷ്യാ അലവൻസ് ഉൾപ്പെടെയുള്ള) വാങ്ങുന്നതിനോ ഓപ്ഷൻ ഉണ്ടായിരിക്കുന്നതാണ്. ഏതെങ്കിലും ഒരു ഓപ്ഷൻ സമർപ്പിച്ച ജീവനക്കാരന് ടി ഓപ്ഷൻ മാറ്റുന്നത് അനുവദനീയമല്ല.

## പ്രത്യേക ഉത്സവബത്ത

**6. രണ്ട് മുതൽ അഞ്ച് വരെയുള്ള ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം ബോണസിന് അർഹതയില്ലാത്ത ജീവനക്കാർക്ക് ചുവടെ പറയുന്ന വ്യത്യസ്ത നിരക്കിലുള്ള പ്രത്യേക ഉത്സവബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ് :-**

| ക്രമ നം. | ജീവനക്കാർ | നിരക്കുകൾ (രൂപയിൽ) |
|---|---|---|
| I | i. മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫായി കഴിഞ്ഞ ഓണാവധിക്കുശേഷം ജോലിയിൽ പ്രവേശിച്ചവർ (08/09/2025 മുതൽ) ഉൾപ്പെടെയുള്ള എല്ലാ റഗുലർ / താൽക്കാലിക ജീവനക്കാർ, ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിയിൽ സർവ്വീസിലുള്ളവർ, 2026 - ലെ നാലാം ഓണത്തിനുമുമ്പ് പി.എസ്.സി. മുഖേന സർവ്വീസിൽ പ്രവേശിക്കുന്ന റഗുലർ ജീവനക്കാർ.<br><br>ii. കേരള ഫിനാൻഷ്യൽ കോഡ് വാല്യം ഒന്നിലെ ആർട്ടിക്കിൾ 250 പ്രകാരം ഓണം അഡ്വാൻസിന് അർഹരായിട്ടുള്ള | 3,000/- |

| | | |
|---|---|---|
| | എയ്ഡഡ്/ സർക്കാർ സ്കൂളുകളിൽ നിന്നും ട്രെയിനിംഗിനു നിയോഗിച്ചിരിക്കുന്ന അധ്യാപകർ.<br><br>Iii. റീ എംപ്ലോയ്മെന്റ് ശമ്പളം കൈപ്പറ്റുന്ന റീ എംപ്ലോയ്ഡ് പെൻഷണർമാർ.<br><br>iv. കരാറടിസ്ഥാനത്തിൽ/കോ-ടെർമിനസ് വ്യവസ്ഥയിൽ നിയമിതരായ ജീവനക്കാർ, കരാർ/നിർബന്ധിത സേവനം മുഖേന നിയമിതരായ സീനിയർ റസിഡന്റുമാർ (Doctors in bonded Service) എന്നിവർ. 2025-26 സാമ്പത്തിക വർഷത്തിൽ ആറ് മാസത്തെ തുടർച്ചയായ സർവ്വീസ് പൂർത്തിയാക്കി ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിക്ക് മുൻപേ വിടുതൽ ചെയ്താലും ഇവർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ട്. ഉത്തരവ് നിലവിൽ വന്ന തീയതിയിൽ ആറുമാസം സർവ്വീസുള്ള കരാറടിസ്ഥാനത്തിലുള്ള ജീവനക്കാർ.<br><br>v. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ശമ്പള സ്കെയിലിൽ താൽക്കാലിക നിയമനം ലഭിച്ചതും ഒന്നാം ഓണത്തിന് (**25.08.2026**) സേവനത്തിലുണ്ടായിരിക്കുകയും എന്നാൽ നാലാം ഓണത്തിനോ (**28.08.2026**) അതിന് മുൻപോ സേവനം അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും വിടുതൽ ചെയ്യപ്പെടാനിടയില്ലാത്തതുമായ ജീവനക്കാർ.<br><br>vi. ഡയറക്ട് പേയ്മെന്റ് സിസ്റ്റത്തിന്റെ പരിധിയിൽ വരാത്ത എയ്ഡഡ് ആംഗ്ലോ ഇന്ത്യൻ സ്കൂളുകളിലെ എല്ലാ അധ്യാപക - അനധ്യാപക ജീവനക്കാർ.<br><br>vii. ശ്രീചിത്രാ ഹോമിലെ ജീവനക്കാർ.<br><br>viii. സർക്കാർ ആയുർവേദ കോളേജിലെ 'ഓണററി ഫിസിഷ്യൻമാർ'.<br><br>ix. സർക്കാർ ആശുപത്രികളിലെ 'ഓണററി സിസ്റ്റർമാർ'.<br><br>x. റവന്യൂ വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ചെയിന്മാൻമാർ. | 3,000/- |

| | | |
|---|---|---|
| | xi. സർക്കാർ വകുപ്പുകളിലെ ബോണസിന് അർഹതയില്ലാത്ത സ്ഥിരം തൊഴിലാളികൾ.<br><br>xii. വിവിധ സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ ഫുൾടൈം /പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, സംസ്ഥാനത്തിനു പുറത്തുള്ള കേരള സർക്കാരിന്റെ ഓഫീസുകളിലെ കരാർ തൊഴിലാളികൾ എന്നിവർ.<br><br>xiii. കേരള സീരീസിലെ ഇന്ത്യൻ നിയമ റിപ്പോർട്ടുകളുടെ എഡിറ്റർമാർ, റിപ്പോർട്ടർമാർ.<br><br>xiv. ഗവൺമെന്റ് പ്ലീഡർമാർ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർമാർ. | 3,000/- |
| II | i. ഏക അധ്യാപക വിദ്യാലയങ്ങളിലെയും പെരിപതെറ്റിക് വിദ്യാലയങ്ങളിലെയും അധ്യാപകർ, ആയമാർ.<br>ii. വിദ്യാലയങ്ങളിലെ (പി.റ്റി.എ നടത്തുന്ന പ്രീ-പ്രൈമറി വിദ്യാലയങ്ങൾ ഉൾപ്പെടെ) ഉച്ചഭക്ഷണ തൊഴിലാളികൾ. | 1,550/- |
| III | i. കൃഷി വകുപ്പിന്റെ പട്ടികയിലുള്ള പോളിനേഷൻ വർക്കർമാർ, കൃഷി വകുപ്പിന്റെ പട്ടികയിൽപ്പെട്ടതും, പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾ എന്നിവ മുഖേന നടപ്പിലാക്കി വരുന്ന 'സ്പ്രെയിംഗ് ടു കൺട്രോൾ ലീഫ് റോട്ട് ഡിസീസ് ഓഫ് കോക്കനട്ട് പാംസ്' എന്ന പദ്ധതിയിൽ കൃഷി വകുപ്പിന്റെ നിർദ്ദേശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഈ ഉത്തരവ് തീയതിയിൽ ജോലി ചെയ്യുന്ന വർക്കർമാർ.<br><br>ii. ക്ഷീര വികസന വകുപ്പിലെ ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാർ.<br><br>iii. പബ്ലിക് കൗൺസൽ.<br><br>iv. വിനോദ സഞ്ചാര വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ലൈഫ് ഗാർഡുമാർ/ആഭ്യന്തര വകുപ്പിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ഹോം | 1,460/- |

| | | |
|---|---|---|
| | ഗാർഡുമാർ.<br><br>v. കഴിഞ്ഞ ഓണാവധി മുതൽ വരുന്ന ഓണാവധി വരെയുള്ള കാലയളവിൽ കുറഞ്ഞത് 30 ദിവസം ജോലി ചെയ്തിട്ടുള്ള കുടുംബാസൂത്രണ വോളണ്ടറി വർക്കർമാർ, ട്രെയിൻഡ് ഡയസ് വിഭാഗത്തിലെ കുടുംബാസൂത്രണ വോളണ്ടറി പ്രൊമോട്ടർമാരിൽ നിന്നും ദിവസ വേതനാടിസ്ഥാനത്തിൽ നിയമിതരായിട്ടുള്ള പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർ.<br><br>vi. എസ്.റ്റി.പ്രൊമോട്ടർമാർ, എസ്.സി.പ്രൊമോട്ടർമാർ.<br><br>vii. ഒന്നാം ഓണത്തിനു (**25.08.2026**) സേവനത്തിൽ ഉണ്ടായിരിക്കുകയും നാലാം ഓണത്തിനോ **(28.08.2026)** അതിന് മുൻപോ സേവനത്തിൽ നിന്നും നീക്കം ചെയ്യപ്പെടാനിടയില്ലാത്തതുമായ എംപ്ലോയമെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായവർ ഉൾപ്പെടെയുള്ള ദിവസ വേതനാടിസ്ഥാനത്തിലുള്ള ജീവനക്കാർ, ഉത്തരവ് നിലവിൽ വന്ന തീയതിയിലും ആറ് മാസത്തെ സർവ്വീസ് പൂർത്തിയാകാത്ത ഖണ്ഡിക 6 (I) (iv) -ൽ പരാമർശിച്ചിരിക്കുന്ന കരാർ/കോ-ടെർമിനസ് ജീവനക്കാർ.<br><br>viii. ജീവനക്കാർക്ക് പകരക്കാരായി സർക്കാർ വകുപ്പുകൾ, ഫാമുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്തുവരുന്ന വ്യക്തികൾ, ജലസേചന വകുപ്പിൽ ഉൾപ്പെടെയുള്ള കാഷ്വൽ ലേബറർമാർ/സി.എൽ.ആർ. വർക്കർമാർ/എച്ച്.ആർ. വർക്കർമാർ എന്നിവർ കഴിഞ്ഞ വർഷം, അതായത്, കഴിഞ്ഞ ഓണാവധി മുതൽ വരുന്ന ഓണാവധി വരെയുള്ള കാലയളവിൽ കുറഞ്ഞത് 30 ദിവസമെങ്കിലും ജോലി ചെയ്തിട്ടുണ്ടെങ്കിൽ, 1,460/- രൂപ നിരക്കിൽ പ്രത്യേക ഉത്സവബത്ത അനുവദിക്കാവുന്നതാണ്. ഈ കാലയളവിൽ കുറഞ്ഞത് 200 ദിവസത്തിൽ കുറയാതെ ജോലി ചെയ്താൽ 30 ദിവസത്തെ വേതനത്തിന് തുല്യമായ തുക ബോണസിന് അർഹത ഉണ്ടായിരിക്കുന്നതാണ്. എന്നാൽ പരമാവധി ബോണസ് 4,500/- രൂപ ആയിരിക്കും. ഈ വിഭാഗത്തിൽ ഉൾപ്പെടുന്നവരിൽ 200 ദിവസത്തിൽ താഴെയും എന്നാൽ 30 ദിവസത്തിൽ കുറയാതെയും ജോലി ചെയ്തിട്ടുള്ളവർക്ക് അവർ | 1,460/- |

| | | |
|---|---|---|
| | ജോലി ചെയ്ത ദിവസത്തിന് ആനുപാതികമായ ബോണസിന് അർഹതയുണ്ടായിരിക്കും. അവർക്ക് 1,460/- രൂപയിൽ കുറയാത്ത തുക ബോണസ് ആയി നൽകാവുന്നതാണ്. സേവനം ക്രമപ്പെടുത്തിയിട്ടുള്ള കാഷ്വൽ ലേബറർമാർ/സി.എൽ.ആർ വർക്കർമാർ/എച്ച്.ആർ വർക്കർമാർ എന്നിവരുടെ കാര്യത്തിൽ ബോണസിനുള്ള അർഹതാ കാലയളവ് കണക്കാക്കുന്നതിന് മുകളിൽ സൂചിപ്പിച്ചിട്ടുള്ള വ്യവസ്ഥകൾക്കുപരിയായി സേവനം ക്രമപ്പെടുത്തുന്നതിന് മുമ്പുള്ള കാലയളവും ഉൾപ്പെടുത്തുന്നതാണ്. എന്നിരുന്നാലും ബോണസിന് അനുവദനീയമായ പരമാവധി തുക 4,500/- രൂപ ആയിരിക്കും.<br><br>ix. ബോണസ് യോഗ്യതാകാലമായ ആറു മാസം സേവനം പൂർത്തിയാകാത്ത സംസ്ഥാനത്തിന് പുറത്തുള്ള കേരള സർക്കാർ ഓഫീസുകളിലെ കരാർ തൊഴിലാളികൾ.<br><br>x. കഴിഞ്ഞ ഓണാവധി മുതൽ വരുന്ന ഓണാവധി വരെയുള്ള കാലയളവിൽ കുറഞ്ഞത് 30 ദിവസം ജോലി ചെയ്തിട്ടുള്ളതും എന്നാൽ സേവനം ക്രമപ്പെടുത്തിയിട്ടില്ലാത്തതുമായ സി.എൽ.ആർ/എച്ച്.ആർ വർക്കർമാർ.<br><br>xi. അട്ടപ്പാടി ഹിൽ ഏരിയ ഡെവലപ്മെന്റ് സൊസൈറ്റിയിലെ വോളണ്ടിയർമാർ.<br><br>xii. 2025-26 സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 200 മണിക്കൂറെങ്കിലും ജോലി ചെയ്തിട്ടുള്ള ഗസ്റ്റ് ലക്ചറർമാർ/ ഇൻസ്ട്രക്ടർമാർ.<br><br>xiii. കുഷ്ഠരോഗ ആശുപത്രികളിൽ സേവനമനുഷ്ഠിക്കുന്ന രോഗബാധിതരായ ജീവനക്കാർ. | 1,460/- |
| IV | i. ആശാ വർക്കർമാർ.<br><br>ii. സാമൂഹ്യനീതി വകുപ്പ്, ഗ്രാമ വികസന വകുപ്പ്, പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് എന്നിവയ്ക്ക് കീഴിലുള്ള അംഗൻവാടി, ബാലവാടി അധ്യാപകർ, പ്രവർത്തകർ.<br><br>iii. അംഗൻവാടി, ബാലവാടി ഹെൽപർമാർ, ആയമാർ. | 1,450/- |

| | | |
|---|---|---|
| | iv. വനിതാ പ്രൊട്ടക്ഷൻ ഉദ്യോഗസ്ഥരെ സഹായിക്കുന്ന മഹിളാ സമാഖ്യ സൊസൈറ്റിയിലെ പ്രത്യേക ദൂതന്മാർ.<br><br>v. കിഷോരി ശക്തി യോജന സ്കൂൾ കൗൺസലർമാർ.<br><br>vi. പാലിയേറ്റീവ് കെയർ നഴ്സുമാർ.<br><br>Vii. ബഡ്സ് സ്കൂൾ അധ്യാപകരും ജീവനക്കാരും. | 1,450/- |
| V | സ്കൂൾ കൗൺസലർമാർ | 1,390/- |
| VI | i. എം.എൽ.എ മാരുടെ അഡീഷണൽ സ്റ്റാഫ്.<br>ii. പി.റ്റി.എ നടത്തുന്ന പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ ഓണറേറിയം പറ്റുന്ന അധ്യാപകർ, ആയമാർ<br>iii. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാഷൻ ഡിസൈനിംഗ് & ഗാർമെന്റ് ടെക്നോളജി സ്ഥാപനങ്ങളിലെ അധ്യാപകർ. | 1,350/- |
| VII | i. പ്രേരക്മാർ, അസിസ്റ്റന്റ് പ്രേരക്മാർ.<br>ii. അംഗൻവാടി/ബാലവാടി കൺവീനർമാർ, ഗ്രാമവികസന വകുപ്പിലെ അപ്ഗ്രേഡഡ് റഗുലർ ഫീഡിംഗ് കേന്ദ്രങ്ങളിലെ ഫീഡിംഗ് കൺവീനർമാർ.<br>Iii. സഞ്ചിത (consolidated) വേതനം ലഭിക്കുന്ന സ്വീപ്പർമാർ.<br>iv. ആയുർവേദ ആശുപത്രികളിലെ കഷായ ജീവനക്കാർ.<br>v. സ്പെഷ്യൽ സ്കൂളിലെ അധ്യാപക-അനധ്യാപക ജീവനക്കാർ.<br>vi.വിവിധ സംസ്ഥാന/കേന്ദ്രാവിഷ്കൃത പ്രോജക്ടുകളിൽ പ്രവൃത്തിയെടുക്കുന്ന ജീവനക്കാർ (മുൻ ഖണ്ഡികകളിൽ പ്രതിപാദിക്കപ്പെടാത്തവർ). | 1,250/- |
| VIII | i. മുകളിൽ ഖണ്ഡിക 3 പ്രകാരം ബോണസിനും 3,000/- രൂപ നിരക്കിലുള്ള പ്രത്യേക ഉത്സവബത്തയ്ക്കും അർഹതയില്ലാത്ത സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർ/പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം വിരമിച്ച ജീവനക്കാർ.<br>ii. സർവീസ് പെൻഷൻകാർ/കുടുംബ പെൻഷൻകാർ.<br>iii. പ്രോ-റേറ്റാ പെൻഷൻകാർ.<br>iv. പ്രോ-റേറ്റാ കുടുംബ പെൻഷൻകാർ.<br>v. എക്സ്ഗ്രേഷ്യാ പെൻഷൻകാർ.<br>vi. എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻകാർ. | 1,250/- |

| | | | |
|---|---|---|---|
| | vii. പാർട്ട്ടൈം കണ്ടിജന്റ് പെൻഷൻകാർ.<br>viii. പാർട്ട്ടൈം കണ്ടിജന്റ് കുടുംബ പെൻഷൻകാർ.<br>ix. പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ.<br>x. പേഴ്സണൽ സ്റ്റാഫ് കുടുംബ പെൻഷൻകാർ.<br>xi. കമ്പാഷണേറ്റ് അലവൻസ് പെൻഷൻകാർ.<br>xii. സർവ്വീസിൽ നിന്നും വിരമിച്ച കുഷ്ഠരോഗ ബാധിതരായ ജീവനക്കാർ.<br>xiii. ഇൻവാലിഡ് പെൻഷൻകാർ.<br>xiv. യു.ജി.സി. പെൻഷൻകാർ.<br>xv. യു.ജി.സി. കുടുംബ പെൻഷൻകാർ. | 1,250/- |

**കുറിപ്പ് :-** മുകളിൽ ഖണ്ഡിക 6 (VIII) - ൽ പ്രതിപാദിക്കുന്ന വിഭാഗത്തിലുള്ള പെൻഷൻകാർക്ക് പ്രത്യേക ഉത്സവബത്തയിൽ ഏതെങ്കിലും ഒന്നിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

**7. താഴെപ്പറയുന്ന വിഭാഗം ജീവനക്കാർക്ക് ബോണസ്/പ്രത്യേക ഉത്സവബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.**

i) മറ്റേതെങ്കിലും ബോണസ് ആക്ടുകൾ പ്രകാരമുള്ള ബോണസിനോ എക്സ്ഗ്രേഷ്യയ്ക്കോ അതുപോലുള്ള മറ്റ് ആനുകൂല്യങ്ങൾക്കോ യോഗ്യരായിട്ടുള്ളവർ.

ii) 31.03.2026 തീയതിയിൽ കേരള സർവ്വീസ് റൂൾസിലെ അപ്പെന്റിക്സ് XII A, അപ്പെന്റിക്സ് XII B, അപ്പെന്റിക്സ് XII C പ്രകാരം ശൂന്യവേതനാവധിയിലായിരുന്നവരും ഈ ഉത്തരവ് തീയതിക്ക് മുൻപ് സർവ്വീസിൽ പുനഃപ്രവേശിച്ചിട്ടില്ലാത്തവരും.

**8.** i) 31.03.2027-നകം 2025-26 വർഷത്തെ ബോണസ്/പ്രത്യേക ഉത്സവബത്ത പിൻവലിച്ച് വിതരണം ചെയ്യേണ്ടതാണ്. അതത് വ്യക്തികളുടെ ശമ്പളം ബത്തകൾ/വേതനം/പെൻഷൻ ഏത് കണക്ക് ശീർഷകത്തിൽ നിന്നാണോ മാറുന്നത്/മാറിയിരുന്നത് അതേ കണക്ക് ശീർഷകത്തിൽ നിന്നു തന്നെ ഈ ഇനത്തിലുള്ള ചെലവും വഹിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരെ സംബന്ധിച്ച് ബോണസ്/പ്രത്യേക ഉത്സവബത്തയിനത്തിലുള്ള ചെലവ് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ശമ്പളം/വേതനം നൽകുന്ന ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

ii) ഒരു ജീവനക്കാരന് ബോണസ്, ഉത്സവബത്ത ഇവയിലേതെങ്കിലും ഒന്നിനു മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ. അതുപോലെ വിരമിച്ച ജീവനക്കാർ

ഉൾപ്പെടെയുള്ളവർക്ക് ഈ ഇനത്തിലുള്ള ഒരു ആനുകൂല്യത്തിന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

**9.** ഈ ഉത്തരവ് പ്രകാരമുള്ള ബോണസ്/പ്രത്യേക ഉത്സവബത്തയുടെ വിതരണം **17/08/2026** തീയതി മുതൽ ആരംഭിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ ആർ ജ്യോതിലാൽ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്:-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ),കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്.
4. എല്ലാ വകുപ്പ് തലവൻമാർക്കും
5. സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
6. എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/ സ്പെഷ്യൽ സെക്രട്ടറിമാർ/ അഡീഷണൽ സെക്രട്ടറിമാർ/ ജോയിന്റ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/ അണ്ടർ സെക്രട്ടറിമാർ.
7. ഗവർണ്ണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം.
8. മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
9. സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
10. പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
11. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ, കേരള.
12. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.
13. എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.
14. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.
15. മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ.
16. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
17. അഡ്വക്കേറ്റ് ജനറൽ ,കേരള, എറണാകുളം
18. സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്
19. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ
20. ട്രഷറി ഡയറക്ടർ, കേരള, തിരുവനന്തപുരം.
21. ജില്ലാ ട്രഷറികൾ, സബ് ട്രഷറികൾ
22. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
23. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ഗവൺമെന്റ് ആന്റ് ബാങ്ക് അക്കൗണ്ട്സ് (എൻ.ബി) സെക്ഷൻ, ബന്ദ്ര (ഇ), മുംബൈ.

24. എല്ലാ ദേശസാത്കൃത ബാങ്കുകളുടെയും ഹെഡ് ഓഫീസുകൾ.
25. ചീഫ് റീജിണൽ മാനേജർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, തിരുവനന്തപുരം.
26. ചീഫ് മാനേജർ, ധനകാര്യ അക്കൗണ്ട്സ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, തിരുവനന്തപുരം.
27. റീജിണൽ മാനേജർ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, തിരുവനന്തപുരം, എറണാകുളം.
28. അസിസ്റ്റന്റ് ഡിവിഷണൽ മാനേജർ, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, തിരുവനന്തപുരം.
29. സീനിയർ മാനേജർ, കാനറാ ബാങ്ക്, തിരുവനന്തപുരം.
30. സീനിയർ മാനേജർ, സർക്കിൾ ഓഫീസ് (അനക്സ്), കാനറാ ബാങ്ക്, തിരുവനന്തപുരം.
31. ഡിവിഷണൽ മാനേജർ, സിൻഡിക്കേറ്റ് ബാങ്ക്, തിരുവനന്തപുരം.
32. മാനേജർ, സോണൽ ഓഫീസ്, ഇൻഡ്യൻ ബാങ്ക്, എം.ജി.റോഡ്, തിരുവനന്തപുരം.
33. റീജിണൽ മാനേജർ, ഇൻഡ്യൻ ഓവർസീസ് ബാങ്ക്, തിരുവനന്തപുരം.
34. റീജിണൽ മാനേജർ, വിജയ ബാങ്ക്, തിരുവനന്തപുരം.
35. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തമിഴ് നാട്, ചെന്നൈ.
36. അക്കൗണ്ടന്റ് ജനറൽ (എ&ഇ), ആന്ധ്രാപ്രദേശ്, വിജയവാഡ
37. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കർണ്ണാടക, ബാംഗ്ലൂർ.
38. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തെലങ്കാന, ഹൈദരാബാദ്
39. അക്കൗണ്ടന്റ് ജനറൽ (എ&ഇ), മഹാരാഷ്ട്ര, മുംബൈ.
40. അക്കൗണ്ടന്റ് ജനറൽ (എ&ഇ), രാജസ്ഥാൻ, ജയ്പൂർ.
41. അക്കൗണ്ടന്റ് ജനറൽ (എ&ഇ), മിസോറാം, ഐസ്വാൾ.
42. അക്കൗണ്ടന്റ് ജനറൽ (എ&ഇ), ഗുജറാത്ത്, അഹമ്മദാബാദ്.
43. അക്കൗണ്ടന്റ് ജനറൽ (എ&ഇ), ഹരിയാന, ചണ്ഡീഗഡ്.
44. അക്കൗണ്ടന്റ് ജനറൽ (എ&ഇ), ജമ്മു & കാശ്മീർ, ശ്രീനഗർ.
45. അക്കൗണ്ടന്റ് ജനറൽ (എ&ഇ), അരുണാചൽ പ്രദേശ്, ഇറ്റാനഗർ.
46. അക്കൗണ്ടന്റ് ജനറൽ (എ&ഇ), ഗോവ, പനാജി.
47. അക്കൗണ്ടന്റ് ജനറൽ (എ&ഇ), ഹിമാചൽ പ്രദേശ്, സിംല.
48. അക്കൗണ്ടന്റ് ജനറൽ (എ&ഇ), മധ്യപ്രദേശ്, ഗ്വാളിയർ.
49. അക്കൗണ്ടന്റ് ജനറൽ (എ&ഇ), ഒറീസ്സ, ഭുവനേശ്വർ.
50. അക്കൗണ്ടന്റ് ജനറൽ (എ&ഇ), ഉത്തർപ്രദേശ്, അലഹബാദ്.
51. അക്കൗണ്ടന്റ് ജനറൽ (എ&ഇ), ബീഹാർ, പാറ്റ്ന.
52. അക്കൗണ്ടന്റ് ജനറൽ (എ&ഇ), പശ്ചിമ ബംഗാൾ, കൊൽക്കത്ത
53. അക്കൗണ്ടന്റ് ജനറൽ (എ&ഇ), ഉത്തരാഞ്ചൽ, ഡെറാഡൂൺ.
54. അക്കൗണ്ടന്റ് ജനറൽ (എ&ഇ), ആസ്സാം, ദിസ്പൂർ, ഗുഹാവത്തി.
55. അക്കൗണ്ടന്റ് ജനറൽ (എ&ഇ), മണിപ്പൂർ, ഇംഫാൽ.
56. അക്കൗണ്ടന്റ് ജനറൽ (എ&ഇ), ത്രിപുര, അഗർത്തല.
57. അക്കൗണ്ടന്റ് ജനറൽ (എ&ഇ), ഛത്തീസ്ഗഡ്, റായ്പൂർ.

58. അക്കൗണ്ടന്റ് ജനറൽ (എ&ഇ), നാഗാലാന്റ്, കൊഹിമ.
59. അക്കൗണ്ടന്റ് ജനറൽ (എ&ഇ), സിക്കിം, ഗാങ്ടോക്.
60. അക്കൗണ്ടന്റ് ജനറൽ (എ&ഇ), മേഘാലയ, ഷില്ലോങ്.
61. അക്കൗണ്ടന്റ് ജനറൽ (എ&ഇ), ഝാർഖണ്ഡ്, റാഞ്ചി
62. പ്രിൻസിപ്പൽ അക്കൗണ്ട്സ് ഓഫീസർ, പോണ്ടിച്ചേരി.
63. പ്രിൻസിപ്പൽ അക്കൗണ്ട്സ് ഓഫീസർ, ഡൽഹി അഡ്മിനിസ്ട്രേഷൻ, വികാസ് ഭവൻ, ന്യൂഡൽഹി.
64. വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
65. നോഡൽ ഓഫീസർ **www.finance.kerala.gov.in**
66. കരുതൽ കോപ്പി/ഓഫീസ് കോപ്പി (E-3559401/Loans-L1/161/2026)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർ, എൻ.എം.ആർ/സി.എൽ.ആർ ഉൾപ്പെടെയുള്ള വിവിധ വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാർക്കും 2026-ലെ ഓണം അഡ്വാൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ലോൺസ്) വകുപ്പ്**

**സ.ഉ(അച്ചടി)നം.91/2026/ധന** **തീയതി, തിരുവനന്തപുരം,14/08/2026**

---

**പരാമർശം :-** 26/08/2025 ലെ സ.ഉ (അച്ചടി)നം.108/2025/ധന

**ഉത്തരവ്**

സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാർക്കും മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ചീഫ് വിപ്പ് എന്നിവരുടെ പേർസണൽ സ്റ്റാഫിനും 2026 - ലെ ഓണം അഡ്വാൻസായി 20,000/- രൂപ (ഇരുപതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. അഡ്വാൻസായി കുറഞ്ഞ തുക ആവശ്യമുള്ള ജീവനക്കാർക്ക് ആയിരത്തിന്റെ ഗുണിതങ്ങളായ തുകയായും പരമാവധി 20,000/- രൂപയിൽ നിജപ്പെടുത്തി അനുവദിച്ച് നൽകാവുന്നതാണ്. അഡ്വാൻസ് തുക ജീവനക്കാരുടെ ശമ്പളവും ബത്തകളും മാറി നൽകുന്ന ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ നിന്നും പിൻവലിച്ച് വിതരണം ചെയ്യേണ്ടതും അഞ്ച് മാസ തുല്യ ഗഡുക്കളായി 2026 ഒക്ടോബർ മാസം മുതലുള്ള ശമ്പളത്തിൽ നിന്നും ഈടാക്കി തിരികെ ഒടുക്കേണ്ടതുമാകുന്നു.

2. കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 250 (1) - ലെ 1 മുതൽ 3 വരെ കുറിപ്പുകളിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി താഴെപ്പറയുന്ന ജീവനക്കാർക്ക് 6,000/- രൂപ (ആറായിരം രൂപ മാത്രം) ഓണം അഡ്വാൻസ് അനുവദിച്ച് ഉത്തരവാകുന്നു :-

1. പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർ.

2. എല്ലാ വകുപ്പുകളിലെയും എൻ.എം.ആർ/സി.എൽ.ആർ/സീസണൽ വർക്കർമാർ/കൃഷി ഫാമുകളിലെ സ്ഥിരം വർക്കർമാർ.

3. സർക്കാർ വകുപ്പുകളിലെ സ്ഥിരം തൊഴിലാളികൾ.

4. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന റീജണൽ വർക്ക്ഷോപ്പുകളിലെ വർക്കർമാർ, ആലപ്പുഴയിലെ ഡ്രെഡ്ജർ ആന്റ് ഡ്രൈ-ഡോക്കിലെ വർക്കർമാർ.

5. കുടുംബാസൂത്രണ വോളണ്ടിയർ വർക്കർമാർ.

6. അംഗൻവാടി വർക്കർമാർ, ഹെൽപ്പർമാർ.

7. കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ് എന്നിവിടങ്ങളിലെ സ്ഥിരം അല്ലാത്ത വർക്കർമാർ, ബന്ധപ്പെട്ട ലോക്കൽ ബോഡികൾ, കൃഷി വകുപ്പ് എന്നിവിടങ്ങളിലെ കോക്കനട്ട് സ്പ്രേയിംഗ് വർക്കർമാർ.

8. മൗണ്ടഡ് പോലീസ് വിംഗിലെ ഗ്രാസ്സ് കട്ടർമാർ.

3. തൊഴിലാളികൾക്ക് നാളിതുവരെ അനുവദിച്ച എല്ലാ അഡ്വാൻസുകളും പൂർണമായും തിരികെ ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിക്കൊണ്ട് ബന്ധപ്പെട്ട ലേബർ യൂണിയന്റെ ഉറപ്പിന്മേലും സ്ഥിര/താത്കാലിക ജോലിക്കാരുടെ കൂട്ടുത്തരവാദിത്വത്തിലുമായിരിക്കണം ഒരേ സ്ഥാപനത്തിലെ ജോലിക്കാർക്ക് അഡ്വാൻസ് അനുവദിച്ച് നൽകേണ്ടത്.

4. അഡ്വാൻസ് തിരിച്ചടവ് പൂർത്തിയാകുന്ന കാലയളവ് വരെ അതത് ഫാം/തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ജോലിയിൽ തുടരും എന്നുറപ്പുള്ള ജോലിക്കാർക്ക് മാത്രമേ അഡ്വാൻസ് അനുവദിക്കുവാൻ പാടുള്ളൂ. കോക്കനട്ട് സ്പ്രേയിംഗ് വർക്കർമാരുടെ അഡ്വാൻസ് തിരിച്ചടവ് നടത്തേണ്ടത് കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആയിരിക്കും.

5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ കാര്യത്തിൽ, മുൻ ഖണ്ഡിക രണ്ടിൽ പരാമർശിക്കുന്ന സമാന വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് ബാധകമാകുന്ന മേൽ സൂചിപ്പിച്ചിട്ടുള്ള നിരക്കിലും നിബന്ധനകൾക്ക് വിധേയമായും, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ സാമ്പത്തിക ശേഷിയും ഫണ്ടിന്റെ ലഭ്യതയും പരിഗണിച്ച് അഡ്വാൻസ് അനുവദിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കാവുന്നതാണ്.

6. ഖണ്ഡിക 2 ൽ (1) മുതൽ (7) വരെ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും അഞ്ച് മാസ തുല്യ ഗഡുക്കളായും ആഴ്ചതോറും വേതനം കൈപ്പറ്റുന്ന എട്ടാമത്തെ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും 21 ആഴ്ച തുല്യ ഗഡുക്കളായും അഡ്വാൻസ് തുക പൂർണ്ണമായും തിരിച്ച് പിടിക്കേണ്ടതാണ്.

7. **20/08/2026** മുതൽ അഡ്വാൻസ് തുക പിൻവലിച്ച് വിതരണം ചെയ്യേണ്ടതാണ്. 2026 ഓണത്തിനു ശേഷം ഓണം അഡ്വാൻസ് അനുവദിക്കുവാൻ പാടുള്ളതല്ല.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ ആർ ജ്യോതിലാൽ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്:-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ),കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്.
4. എല്ലാ വകുപ്പ് തലവൻമാർക്കും
5. സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
6. എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/ സ്പെഷ്യൽ സെക്രട്ടറിമാർ/ അഡീഷണൽ സെക്രട്ടറിമാർ/ ജോയിന്റ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/ അണ്ടർ സെക്രട്ടറിമാർ.
7. ഗവർണ്ണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം.
8. മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
9. സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
10. പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
11. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ, കേരള.
12. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.
13. എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.
14. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.
15. മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ.
16. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
17. അഡ്വക്കേറ്റ് ജനറൽ ,കേരള, എറണാകുളം
18. സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്
19. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ
20. ട്രഷറി ഡയറക്ടർ, കേരള, തിരുവനന്തപുരം.
21. ജില്ലാ ട്രഷറികൾ, സബ് ട്രഷറികൾ
22. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.

23. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ഗവൺമെന്റ് ആന്റ് ബാങ്ക് അക്കൗണ്ട്സ് (എൻ.ബി) സെക്ഷൻ, ബന്ദ്ര (ഇ), മുംബൈ.
24. പ്രിൻസിപ്പൽ അക്കൗണ്ട്സ് ഓഫീസർ, ഡൽഹി അഡ്മിനിസ്ട്രേഷൻ, വികാസ് ഭവൻ, ന്യൂഡൽഹി.
25. വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
26. നോഡൽ ഓഫീസർ **www.finance.kerala.gov.in**
27. കരുതൽ കോപ്പി/ഓഫീസ് കോപ്പി (E-3559401/Loans-L1/161/2026)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ